# മധ്യകാലകേരളത്തിലെ അടിമത്തരൂപങ്ങൾ

ഡോ.കെ എസ് മാധവൻ
അസോസിയേറ്റ് പ്രഫസർ, ചരിത്രവിഭാഗം, കോഴിക്കോട് സർവ്വകലാശാല.

### സംഗ്രഹം

ഇന്ത്യാചരിത്രപഠനങ്ങളിൽ ഇന്ത്യയിൽ വിവിധ കാലങ്ങളിൽ നിലനിന്ന അടിമത്തസമ്പ്രദായങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പഠനങ്ങൾ വിരളമാണ്. ജാതിവ്യവസ്ഥ സമൂഹത്തിലെ അടിത്തട്ട് മനുഷ്യരെ എങ്ങനെയാണ് ജാതി അടിമത്തത്തിൽ കീഴ്പ്പെടുത്തുന്നത് എന്ന പ്രശ്നം ഇന്ത്യൻ ചരിത്രശാസ്ത്രം ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്. മധ്യകാല കേരളത്തിൽ ആൾ , അടിയാർ, പുലയർ എന്നിങ്ങനെ വിളിക്കപ്പെട്ട വിഭാഗങ്ങൾ ആളടിമകളായി മാറിയത് എങ്ങനെയാണെന്നും ആ പ്രക്രിയയുടെ തുടർച്ചയിൽ ജാതിവ്യവസ്ഥ ഒരു മേൽ കീഴ്വ്യവസ്ഥയായി ക്രമപ്പെട്ടു വരുമ്പോൾ ആളടിമകൾ എങ്ങനെയാണ് ജാതി അടിമകളായി മാറിയത് എന്ന പ്രശ്നമാണ് പ്രബന്ധത്തിന്റെ അന്വേഷണ വിഷയം.

**താക്കോൽ വാക്കുകൾ**: അടിമത്തം, കീഴായ്മ,അസ്പൃശ്യത, ശ്രേണീവൽക്കരണം.

കേരളത്തിന്റെ ചരിത്രശാസ്ത്രം വേണ്ടത്ര പരിഗണന കൊടുക്കാത്ത ഒരു പഠനമേഖലയാണ് കേരളത്തിൽ നിലനിന്ന അടിമത്തം. കേരളസമൂഹത്തെപ്പറ്റിയുള്ള വിവിധ ചരിത്രവിശകലനങ്ങളിലും സമൂഹരൂപത്തെപ്പറ്റിയുള്ള പഠനങ്ങളിലും ചരിത്രകാരന്മാർ അവഗണിച്ച ഒന്നാണ് കേരളത്തിൽ നിലനിന്ന ജാതി അടിമത്തം (Saradamoni 1980: 9-43,Mohan 2015: 20-26). ഇന്ത്യാചരിത്രപഠനങ്ങളിൽ ഇന്ത്യയിൽ വിവിധകാലങ്ങളിൽ നിലനിന്ന അടിമത്തസമ്പ്രദായങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പഠനങ്ങൾ വിരളമാണ് (Sen2004: 1-80). ദേവരാജ് ചനാനയെപ്പോലുള്ള പണ്ഡിതർ

പ്രാചീന ഇന്ത്യയിൽ നിലനിന്നിരുന്ന അടിമത്തത്തെപ്പറ്റി പഠിച്ചിട്ടുണ്ടെങ്കിലും(Chanana :2008)പ്രാചീന ഇന്ത്യയെപ്പറ്റി പഠിച്ച പ്രമുഖചരിത്രകാരന്മാർ അടിയാളത്തപ്പെട്ട (helotage) സമൂഹങ്ങൾ ദാസരും കർമകാരരുമായിരുന്നെന്നാണ് സ്ഥാനപ്പെടുത്തിയിരിക്കുന്നത് (Thapar, 2000: 31-35, 2002: 184-190, Chakravarti 2015: 94-121). ഇന്ത്യൻ സമൂഹത്തിൽ കാർഷിക അടിമത്തം (agrestic sIavery) നിലനിന്നതായി പലരും വിലയിരുത്തിയിട്ടുണ്ടെങ്കിലും ഉല്പാദനവ്യവസ്ഥയിൽ അടിമത്തം ഒരു പ്രധാന സ്ഥാപനരൂപമായിരുന്നില്ല എന്ന നിലപാടാണ് പൊതുവെ മാർക്സിസ്റ്റ് ചരിത്രകാരന്മാർക്കുള്ളത്(Habib 1995: 165-177, Roy2014: 262-280, Jha2018: 83-104). പ്രാചീന ഗ്രീക്-റോമൻ സമൂഹങ്ങളിൽ നിലനിന്ന അടിമക്കച്ചവടത്തിനു സമാനമായ ഒന്ന് ഇന്ത്യയിൽ നിലനിന്നിരുന്നില്ല എന്നാണ് ചരിത്രകാരന്മാർ വിലയിരുത്തിയിട്ടുള്ളത്. എന്നാൽ ഇന്ത്യയിൽ നിലനിന്ന കീഴാള അവസ്ഥ അടിമത്തത്തിനേക്കാളും സങ്കീർണ്ണമായ ചൂഷണവ്യവസ്ഥയായിരുന്നു എന്നു വിശകലനംചെയ്യാൻ ഈ ചരിത്രകാരന്മാരിൽ പലരും കാര്യമായി ശ്രമിച്ചതായി കാണുന്നില്ല. ഇന്ത്യയിൽ നിലനിന്നിരുന്ന കീഴായ്മയുടെയും അടിച്ചമർത്തലിന്റെയും രൂപം യൂറോപ്യൻ അടിമത്തത്തിന് സമാനമല്ല എന്ന പരികല്പനപരമായ പ്രശ്നത്തെയാണ് പലരും അഭിമുഖീകരിച്ചത്. മനുഷ്യരെ വിറ്റ് വില വാങ്ങി കൈമാറ്റം ചെയ്യുകയും തലമുറകളായി ജാതിഅടിമകളായി നിലനിർത്തി അടിച്ചമർത്തി ചൂഷണത്തിന് വിധേയരാക്കുകയും ചെയ്തിരുന്ന വ്യവസ്ഥ സവിശേഷമായ ഒരു അടിച്ചമർത്തൽ രൂപവും ചൂഷണക്രമവുമായി ഇന്ത്യയിൽ നിലനിന്ന പ്രക്രിയ വേണ്ടത്ര രീതിയിൽ ഇന്ത്യൻ ചരിത്രശാസ്ത്രത്തിൽ പരിഗണിക്കപ്പെട്ടില്ല. ജാതിവ്യവസ്ഥയും സാമൂഹിക വേർതിരിവു രൂപങ്ങളും തരംതിരിവ് അസമത്തഘടനയും ഇന്ത്യയിൽ സവിശേഷമായി ജാതിഹീനതയും അസ്പൃശ്യതയുമായി പ്രവർത്തിച്ച രീതി അർഹിക്കുന്ന രീതിയിൽ അക്കാദമിക ചരിത്രപഠനമേഖലയിൽ വിശദീകരിക്കപ്പെട്ടിട്ടില്ല. ജാതിവ്യവസ്ഥ സമൂഹത്തിലെ അടിത്തട്ട് മനുഷ്യരെ എങ്ങനെയാണ് ജാതി അടിമത്തത്തിൽ കീഴ്പ്പെടുത്തുന്നത് എന്ന പ്രശ്നം ഇന്ത്യൻ ചരിത്രശാസ്ത്രം ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്. ജാതി അടിമത്തവും കീഴായ്മയും കീഴാളത്തവും സാമൂഹികചരിത്രത്തിന്റെ ഭാഗമായി അന്വേഷിക്കുന്ന ഒരു രീതിയാണ് പൊതുവെ കണ്ടുവരുന്നത് (Jaiswal 2019: 1-31, Parasher-Sen 2004: 1-80, Dube 2008: xv-lxiv) .ഇന്ത്യയിൽ നവോത്ഥാനകാലത്തും അതിനെ തുടർന്നുണ്ടായ ദേശീയപ്രസ്ഥാനത്തിലും രൂപപ്പെട്ട സമത്വപ്രക്ഷോഭങ്ങളും ജാതിവിരുദ്ധജനാധിപത്യപ്രസ്ഥാനങ്ങളും

ചിന്തകരുമാണ് ഇന്ത്യയിലെ അടിമത്തജീവിതവും ജാതിവ്യവസ്ഥയും തമ്മിലുള്ള ചരിത്രബന്ധത്തെ പ്രശ്നവൽക്കരിക്കാൻ ശ്രമിച്ചത്. ജ്യോതിറാവ് ഫൂലെ മുതൽ കേരളത്തിൽ പൊയ്കയിൽ അപ്പച്ചൻ വരെയുള്ളവർ (Geetha and Rajadurai 2011: 40-86, Rodrigues 2002: 1-43,Kaviraj 2017: 10-38, Veeramani 2018: 133-154, Mohan 2015) ജാതി അടിമത്തത്തെയും ജാതിഹീനതയെയും ഒരു ചരിത്രപ്രക്രിയയായി മനസ്സിലാക്കുകയും നവോത്ഥാനത്തിന്റെയും ദേശീയതയുടെയും നീതിബോധ്യത്തിന്റെ അടിസ്ഥാനത്തിൽ സമീപിക്കുന്നതിനുള്ള ശ്രമങ്ങളും നടത്തി. പാശ്ചാത്യ പണ്ഡിതരും മിഷണറിമാരും ബ്രിട്ടീഷ് ഉദ്യോഗസ്ഥരും ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിൽ നിലനിന്നിരുന്ന അടിമത്തത്തെപ്പറ്റി വിവരിച്ചിട്ടുണ്ട്. മധ്യകാല കേരളത്തിൽ ആൾ അടിയാർ/പുലയർ എന്നിങ്ങനെ വിളിക്കപ്പെട്ട വിഭാഗങ്ങൾ ആളടിമകളായി മാറിയത് എങ്ങനെയാണെന്നും ആ പ്രക്രിയയുടെ തുടർച്ചയിൽ ജാതിവ്യവസ്ഥ ഒരു മേൽ കീഴ്‌വ്യവസ്ഥയായി ക്രമപ്പെട്ടു വരുമ്പോൾ ആളടിമകൾ എങ്ങനെയാണ് ജാതി അടിമകളായി മാറിയത് എന്ന പ്രശ്നവുമാണ് ഈ പ്രബന്ധത്തിൽ മുഖ്യമായും പരിഗണിക്കുന്നത്.

### പ്രാചീന കേരളം: സമൂഹരൂപവും ജീവനപ്രവർത്തികളും

പ്രാചീനകാലത്ത് കേരള ഭൂപ്രദേശം മലനാട് എന്നാണ് അറിയപ്പെട്ടിരുന്നത്. ഈ ഭൂപ്രദേശങ്ങളിലെ കാട് മേഖലയിലെ പ്രധാന അതിജീവനരൂപം ഭക്ഷ്യശേഖരണവും പുനം കൃഷിയും കാലിമേയ്ക്കലുമായിരുന്നു.പടിഞ്ഞാറൻ തീരമേഖലയിൽ മീൻപിടുത്തവും ഉപ്പു കുറുക്കലും കടൽവിഭവശേഖരണവും പ്രധാന ഉപജീവനവൃത്തികളായി നിലനിന്നു (Ganesh1997: 34-65, Gurukkal and Varier 1999: 157-176). കേരളത്തിലെ മുപ്പത്തിരണ്ടു നദീതടങ്ങളിൽ നീർനില നെൽകൃഷി ഒരു സ്ഥിരകൃഷിരൂപമായി വികസിച്ചുവന്നത് കാട്-കടൽ മേഖലകൾ തമ്മിലുള്ള കൈമാറ്റബന്ധങ്ങളുടെ ഭാഗമായിട്ടായിരുന്നു. പശ്ചിമഘട്ട കാട് മേഖലയിലും പടിഞ്ഞാറൻ തീരമേഖലയിലുമുള്ള വിവിധ വിഭവങ്ങളുടെ പാരസ്പര്യ കൈമാറ്റത്തിന്റെയും ഭാഗമായിട്ടായിരുന്നു ഇടനാട് ഒരു അധിവാസപ്രദേശവും നീർനിലകൃഷി ഇടവുമായി വികസിച്ചുവന്നത് (Ganesh 1997: 34-47). പശ്ചിമഘട്ടങ്ങളുടെ താഴ്വാരപ്രദേശങ്ങളിലും നദീതടങ്ങൾക്ക് മുകളിലുമായി പ്രാചീനകാലം മുതൽ വളർന്നുവന്നതാണ് ബഹുവിള പറമ്പ് കൃഷിരൂപങ്ങൾ.നീർനില നെൽകൃഷി ഇടങ്ങളും ബഹുവിള പറമ്പ് ഭൂമിയും മനുഷ്യർ ഇടപെട്ട് മാറ്റിയെടുത്ത നിർമ്മിത കാർഷികഇടങ്ങളായി വളർന്നുവന്നതാണ്. ഈ പ്രക്രിയ നീർനില നെൽപ്പാടങ്ങളും വയലുകളും

ബഹുവിള പറമ്പ് പുരയിടഭൂമിയും പ്രാചീന കാർഷികകേരളത്തെ വികസിപ്പിച്ച ഭൂവിടങ്ങളും വിഭവസ്ഥാനങ്ങളുമായി മാറുന്നതിന് കാരണമായി. ഈ ഭൂവിഭാഗങ്ങളുടെ നിർമ്മിതിയും അവിടങ്ങളിലെ വിഭവ ഉൽപ്പാദനവും വ്യത്യസ്തങ്ങളായ അധ്വാനരൂപങ്ങളെയും അധ്വാനപ്രക്രിയയെയും സാങ്കേതികവിദ്യയെയും വികസിപ്പിക്കുകയും അതിനു നിശ്ചിതമായ രൂപം നൽകുകയും ചെയ്തു. കാർഷികവികാസത്തിനാവശ്യമായ മനുഷ്യവിഭവശേഷിയും സാങ്കേതികവിദ്യയും അറിവ് രൂപങ്ങളുടെ സാമൂഹികപ്രയോഗങ്ങളും നിപുണതയും സാമൂഹികമായ ഉല്പാദനപ്രക്രിയയുടെ വികാസത്തിന്റെ ഭാഗമായിട്ടാണ് രൂപപ്പെട്ടു വന്നത് (Ganesh2016 (a): 34-43). ചരിത്രപരമായി വികസിച്ചുവന്ന ഈ പ്രക്രിയ അധ്വാനരൂപങ്ങളെയും അധ്വാനപ്രക്രിയയിൽ ഏർപ്പെടുന്നവരെയും പ്രത്യേകമായ തരത്തിൽ ക്രമപ്പെടുത്തുകയും അധ്വാനിക്കുന്ന മനുഷ്യരെ നിർബന്ധിത അധ്വാനത്തിലൂടെ ആളടിമത്തത്തിലേക്കും വ്യവസ്ഥാപിതമായ മേൽ കീഴ് ക്രമങ്ങളിലൂടെ ജാതി അടിമത്തത്തിലേക്കും പരിവർത്തിപ്പിച്ചു. ഈ പ്രക്രിയയുടെ ഭാഗമായി സാമൂഹികശ്രേണീകരണവും സാമൂഹിക പുറന്തള്ളൽപ്രക്രിയയും ചൂഷണവും അടിച്ചമർത്തൽരൂപങ്ങളും സാമൂഹികഭേദങ്ങളെ നിർമ്മിച്ച വ്യവസ്ഥയായി വളർന്നുവന്നു. ആളടിമത്തത്തിൽ നിന്നും ജാതി അടിമത്തത്തിലേക്ക് കീഴോർസമൂഹങ്ങളെ പരിവർത്തിപ്പിച്ച ഈ പ്രക്രിയയുടെ രാഷ്ട്രീയസമ്പദ്ക്രമം വിശദീകരിക്കുന്നത് അടിമത്തരൂപങ്ങളെ മനസ്സിലാക്കുന്നതിന് ആവശ്യമാണ്.

### പശ്ചിമഘട്ടമേഖലയുടെ ഭൂമി

ശാസ്ത്ര പ്രത്യേകതയും ജൈവപാരിസ്ഥിതികവ്യൂഹവും സസ്യ ജന്തുജാലവൈവിധ്യവും കേരളത്തിന്റെ ചരിത്രജീവിതത്തെ ഏറ്റവും കൂടുതൽ സ്വാധീനിച്ചഘടകങ്ങളാണ്.കിഴക്കുനിന്ന് പടിഞ്ഞാറോട്ട് ഒഴുകുന്ന നദികളും നദീതടങ്ങളും കായൽപ്രദേശങ്ങളും തുറന്ന കടൽത്തീരമേഖലയും പലതരത്തിലുള്ള അതിജീവനരൂപങ്ങളും ഉപജീവനരീതികളും രൂപപ്പെടുന്നതിനും നിലനിൽക്കുന്നതിനും കാരണമായി. ജീവനപ്രക്രിയകളിൽ വേട്ടയാടൽ,ഫലമൂലാദികളുടെ ശേഖരണം, പുനം കൃഷി, കാലിമേച്ചിൽ എന്നിവ പശ്ചിമഘട്ട മലമ്പ്രദേശത്താണ് വികസിച്ചുവന്നത്. പറമ്പ് പ്രദേശത്തെ ബഹുവിളകളും വ്യഞ്ജനങ്ങളും ബഹുവിള സ്ഥിര കൃഷിയായും പുനംകൃഷിരൂപത്തിലും വളർന്നുവന്നു. പശ്ചിമഘട്ട കാടു മേഖലയിലെ വിവിധയിനം വിഭവങ്ങളുടെ വൈവിധ്യവും വ്യത്യസ്തതയും ഭക്ഷ്യശേഖരണത്തിന്റെയും വിഭവശേഖരണത്തിന്റെയും സ്രോതസ്സായി ഈ പ്രദേശത്തെ മാറ്റി (Varier and Gurukkal 2004: 59-103).മലയോരങ്ങളിൽ

കാർഷിക വിഭവങ്ങൾ ഏകവിളയായും ബഹുവിളയായും തട്ടുകൃഷിയായും പുനം കൃഷിയായും ഉല്പാദിപ്പിച്ചു. ഭക്ഷ്യശേഖരണത്തോടൊപ്പം വേട്ടയാടലും കാലി വളർത്തലും പാരസ്പര്യപ്പെട്ട് പ്രധാന ഉപജീവനരൂപങ്ങളായി തുടർന്നു. ഏകവിള സ്ഥിര കൃഷിയും ബഹുവിള സ്ഥിരകൃഷിയും നീർനിലപ്രദേശത്തും പറമ്പ് ഭൂമിയിലും പ്രധാന കാർഷികരൂപങ്ങളായി നിലനിന്നു. നദീതടങ്ങളിലെയും കായൽഭൂമിയിലെയും ജൈവപാരിസ്ഥിതികവ്യൂഹത്തിലാണ് നീർനില നെൽകൃഷി പ്രധാന വിഭവരൂപമായി സ്ഥിരകൃഷിയായി വളർന്നുവന്നത്. കടൽമേഖലയിലെയും ഉൾനാടൻ ജലാശയങ്ങളിലെയും മത്സ്യബന്ധനവും ഉപ്പുണ്ടാക്കലും കടൽവിഭവശേഖരണവും ഉപജീവനരൂപങ്ങളുടെ വ്യത്യസ്തയോടൊപ്പം അവ തമ്മിലുള്ള പരസ്പര്യത്തെയും കൈമാറ്റബന്ധങ്ങളെയും സൃഷ്ടിച്ചു.

പടിഞ്ഞാറൻ കടൽവ്യവസ്ഥയും തുറന്ന തീരപ്രേദശവും കായൽവ്യൂഹവും ഇന്ത്യൻ മഹാസമുദ്രവ്യവസ്ഥയുമായി നിലനിന്ന സമുദ്രബന്ധങ്ങളും പശ്ചിമഘട്ടങ്ങളിലെ വിഭവങ്ങളും പ്രാചീനകാലഘട്ടം മുതൽ കേരളത്തിലെ ജീവിതപ്രക്രിയകളെയും ഭൗതികസംസ്കാരത്തെയും സ്വാധീനിച്ചിട്ടുണ്ട്.ഗോത്രകുലബന്ധങ്ങൾക്കനുസൃതമായിട്ടുള്ള ജൈവികവും സാമൂഹികവുമായ ഇടപാടുബന്ധങ്ങളിലൂടെയാണ് സാമൂഹികജീവിതം നിലനിന്നത്. കാടുമേഖലയിലും മലയോര പറമ്പ് മേഖലയിലും ഇടനാട്ടിലെ സമതലങ്ങളിലെ നദീതടങ്ങളിലും കായൽപ്രദേശത്തും കടലോരപ്രദേശത്തും വിവിധ ഗോത്രവിഭാഗങ്ങൾ വ്യത്യസ്ത കുലങ്ങളായി രക്തബന്ധത്തിന്റെ അടിസ്ഥാനത്തിൽ നിലനിന്നു.ഇളയതും മൂത്തതുമായ കുലവംശാവലിക്രമത്തിൽ കുലങ്ങളും കുലങ്ങൾക്കുള്ളിൽ ചാർച്ചക്കൂട്ടങ്ങളുമായി ഇവ വികസിച്ചുവന്നു. ഈ മനുഷ്യസഞ്ചയങ്ങൾ കുടിമാക്കൾ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ഗോത്രങ്ങൾ കുലങ്ങളായി വേറ് കൂറ് ബന്ധങ്ങൾ നിലനിർത്തിയ വിവിധ ജീവികക്രമങ്ങളും ജീവനപ്രവർത്തികളും കൂട്ടായി നടത്തിയ ചാർച്ച കുടികളായി പ്രാചീന ചരിത്രകാല ആരംഭത്തോടെ തമിഴകത്തിന്റെ ഭാഗമായിരുന്ന കേരളപ്രദേശത്ത് സാമൂഹികജീവിതപ്രകിയകളുടെ ഭാഗമായി വികസിച്ചുവന്നു. മലമേഖലയിലെയും ഇടനാടൻ പറമ്പ് പുരയിടപ്രദേശത്തെയും നദീതട എക്കൽ നീർനിലപ്രദേശത്തെയും കടൽ കായൽമേഖലയിലെ വിശാലമായ തീരപ്രദേശത്തെയും ഭൂമിശാസ്ത്ര വൈവിധ്യങ്ങളും ജൈവപാരിസ്ഥിതിക പ്രത്യേകതകളും വിവിധ കുടി കൂട്ടായ്മയുടെ ജൈവികവും സാമൂഹികവുമായ ജീവിതരൂപങ്ങൾ നിലനിർത്തുന്നതിനു കാരണമായി. മുല്ല -കുറിഞ്ചി പ്രദേശങ്ങളായ കാടും മേടും പുൽത്തകിടും മലയടിവാരവും മനുഷ്യരുടെ ജീവനപ്രവർത്തികൾ നടക്കുന്ന ഇടപാടു

ഇടങ്ങൾ കൂടിയായിരുന്നു. വിവിധ തരത്തിലുള്ള വെട്ടി ചുട്ട് പുനം കൃഷിയും തട്ടുകൃഷിയുമായി ബഹുവിളകൃഷിയിടങ്ങൾ മുല്ല-കുറിഞ്ഞി കാട്ടു മേഖലയിൽ വളർന്നുവന്നു. തിന, വരക്,ചാമ, മുതിര,മലനെല്ല് എന്നിങ്ങനെ വിവിധ തരം ഭക്ഷ്യധാന്യങ്ങളും ഏലം, കറുവാപ്പട്ട, കുരുമുളക്, ഇഞ്ചി ,മഞ്ഞൾ എന്നിങ്ങനെ പലതരം വ്യഞ്ജനങ്ങളും കൃഷിചെയ്തും കാട്ടുവിഭവങ്ങളായി ശേഖരിച്ചും അതിജീവിച്ച മനുഷ്യരായിരുന്നു കാട്ടുമേഖലയിലെയും പറമ്പ് ഭൂമിയിലെയും കുടിമാക്കൾ എന്നനുറിയപ്പെട്ടിരുന്ന ഗോത്രജനസഞ്ചയങ്ങൾ. ഭക്ഷ്യശേഖരണത്തോടൊപ്പം ഭക്ഷ്യ ഉത്പാദനവും വേട്ടയാടലും കുടിമാക്കൾ ഉപജീവനരൂപങ്ങളായി നിലനിർത്തി. വേടർ, വേട്ടുവർ എന്നീ ഗോത്രങ്ങൾ വേട്ടയാടലും ഭക്ഷ്യശേഖരണവും പുനം കൃഷിയും ഇടചേർന്ന് നടത്തിയവരാണ്. ആയർ, ഇടയർ എന്നീ ഗോത്രങ്ങൾ കാലിവളർത്തലും പാലുല്പന്നങ്ങളുടെ കൈമാറ്റവും തൊഴിലായി സ്വീകരിച്ചവരായിരുന്നു. ബഹുവിള പുനം കൃഷിയും വേട്ടയാടലും ഭക്ഷ്യശേഖരണവും മുല്ല കുറിഞ്ഞി മേഖലയിലെ കുടി കൂട്ടായ്മകൾ നിലനിർത്തി. കുടി കൂട്ടായ്മകൾ അധിവസിച്ച ഇടങ്ങൾ ഊരുകളായി വളർന്നുവന്നു. കുടിമാക്കളുടെ ഊരുകൾ പല കുടികൾ കൂടിച്ചേർന്ന ഗോത്രഗ്രാമങ്ങളായിരുന്നു.ചെറുതും വലുതുമായ മലകളിലും കുന്നുകളിലും താഴ്വാരപ്രദേശങ്ങളിലുമാണ് ഊരുകൾ വളർന്നുവന്നത്. ഊരുകൾക്ക് ചാർച്ച കൂട്ടായ്മകളുടെ തലവൻ എന്ന നിലയിൽ ഊര് മൂപ്പൻമാർ ഉണ്ടായിരുന്നു.ഇവർ ഊർകിഴാൻ, ഊർകിഴവൻ എന്നീ പേരുകളിൽ അറിയപ്പെട്ടു.ഊരുകളുടെ സ്ഥാനം, നില, വിഭവ അടിത്തറ, പഴക്കം എന്നിങ്ങനെ ഊരുകൾ പല പേരുകളിൽ അറിയപ്പെടുന്നതിന് കാരണമായി. ആദ്യകാല കുടി പാർപ്പിടങ്ങളെ അവയുടെ പഴക്കത്തെ മുൻനിർത്തി മൂതുർ എന്നു വിളിച്ചു. ഊരുകളിലെ കുടികളുടെ എണ്ണത്തെയും കുടിമാക്കളുടെ സാമൂഹികസ്ഥാനത്തെയും സൂചിപ്പിക്കുന്ന തരത്തിൽ ഊരുകളെ ചെറിയ ഊരുകൾ എന്നർത്ഥത്തിൽ ചീറൂർ എന്നു വിളിച്ചിരുന്നു. വിഭവധാരാളിത്തമുള്ള ഊരുകൾ നല്ലൂർ എന്നറിയപ്പെട്ടു. വിവിധ കുലങ്ങളിൽപ്പെട്ടതും പലവിധ അതിജീവനരൂപങ്ങളിലും ജീവിതപ്രവർത്തികളിലും ഏർപ്പെടുന്ന കുടികളെ വലിയ കുടി എന്ന അർത്ഥത്തിൽ പെരുങ്കുടി എന്നും ചെറിയ കുടികിടപ്പ് സ്ഥാനങ്ങളിൽ ജീവിക്കുന്നവർ എന്ന നിലയിൽ ചിറുകുടി എന്നും വിളിച്ചു. കുടികൾ രക്തകുലബന്ധങ്ങൾ പാലിച്ചുകൊണ്ടുള്ള ഇണചേരൽ രൂപങ്ങൾ നിലനിർത്തിയിരുന്നു. കളവ്, കർപ്പ് എന്നപേരിൽ വിളിച്ചിരുന്ന സ്ത്രീ-പുരുഷബന്ധങ്ങൾ പ്രണയം, കാമന, ലൈംഗികത, ഇണചേരൽ, പ്രജനനം എന്നിവ കുടികൾക്ക് ഉള്ളിലും പുറത്തും നിലനിർത്തുന്നതിനായി രൂപപ്പെട്ടുവന്ന

ജൈവികവും സാമൂഹികവുമായ ക്രമങ്ങളായിരുന്നു. കുലങ്ങളുടെ ചാർച്ച ക്രമത്തിനുള്ളിൽ കുലത്തിന്റെ വഴി-മുറക്രമത്തിനനുസരിച്ച് ഇളയവർ മുതിയവർ ബന്ധത്തിനനുസരിച്ചാണ് ഗോത്ര അധികാരസ്ഥാനങ്ങൾ നിലനിന്നത്. ഊരുകൾ ഊർകിഴാൻമാരുടെ നിയന്ത്രണത്തിലായിരുന്നു. വിവിധ മലകളെ കേന്ദ്രീകരിച്ച് പൊറയൻമാരായ മലനാഥന്മാരുടെ അധികാരം വളർന്നുവന്നു. മലനാഥന്മാരിൽ നിന്നും വേളുകൾ എന്നറിയപ്പെട്ട ഗോത്രത്തലവൻമാരും ഉണ്ടായി. വിപുലമായ ഒരു പ്രദേശത്തുള്ള വിവിധ ഗോത്രങ്ങളുടെ മേൽ ആധിപത്യം സ്ഥാപിച്ചുകൊണ്ട് വേന്തൻ എന്നറിയപ്പെട്ട പ്രദേശാധിപന്മാരും ഉയർന്നുവന്നു. ചേരവേന്തന്മാരാണ് മലനാട് പ്രദേശത്തു ആധിപത്യം സ്ഥാപിച്ചവർ. തങ്ങളുടെ അധികാര പ്രദേശങ്ങളെ നിയന്ത്രിക്കുന്ന വംശാവലികൾ ഉള്ളവരായിരുന്നു ചേരവേന്തന്മാർ. ഗോത്ര ചാർച്ചകൾക്കനുസരിച്ചുള്ള ജീവനരൂപങ്ങളുടെയും വിഭവപങ്കാളിത്തത്തിന്റെയും അടിസ്ഥാനത്തിൽ വികസിച്ചുവന്ന ജീവനപ്രവർത്തികളും സാമൂഹിക വേറു കുറുബന്ധങ്ങളും മേലോർ കീഴോർ ബന്ധങ്ങളായി വികസിക്കാൻ തുടങ്ങിയിരുന്നു.എന്നാൽ അത്തരം ബന്ധങ്ങൾ മേൽ കീഴ് (hierarcy ) ഏറ്റിറക്ക ശ്രേണി ബന്ധങ്ങളും ജാതിബന്ധങ്ങളുമായി മാറിയിരുന്നില്ല. ഗോത്ര കൂട്ടായ്മകളെ നിയന്ത്രിച്ച ഊര്മൂപ്പന്മാരും മലനാഥന്മാരായ പൊറയൻമാരും വേൾ കുലങ്ങളും വേന്തനും ഉൾപ്പെടുന്ന സമൂഹം മേലോരായി സ്ഥാനപ്പെട്ടു. ജീവനപ്രക്രിയകളുടെ പലമകൾ നിലനിർത്തിയ വിവിധ കുടിമക്കൾ വിഭാഗങ്ങൾ കീഴോരുമായി സ്ഥാനപ്പെടുന്ന തിരശ്ചീനമായ സാമൂഹികവിഭജനമായിരുന്നു നിലനിന്നത്. വേറുംകുറും നിലനിർത്തിയ ഗോത്രബന്ധങ്ങൾക്ക് ശ്രേണി അസമത്വമായി വികസിക്കാൻ കഴിയുമായിരുന്നില്ല.

### കാർഷികവികാസവും ശ്രേണീവൽക്കരണവും

കേരളത്തിന്റെ ഇടനാടിനെ കേന്ദ്രീകരിച്ചുള്ള നീർനില നെൽകൃഷിയും ബഹുവിള പറമ്പു വിഭവോല്പാദന രൂപങ്ങളും സാമൂഹിക ശ്രേണീവൽക്കരണത്തിലേക്കു നയിക്കുന്ന വിഭവസമാഹരണത്തിന് കാരണമായി. ഇടനാടിന്റെ വിഭവരൂപങ്ങളെ അടിസ്ഥാനപ്പെടുത്തി വളർന്നുവന്ന നാട്ടുകോയ്മകൾ വിഭവരൂപങ്ങളെ നിയന്ത്രിച്ചും അതിന്റെ മേൽക്കോയ്മ സ്ഥാപിച്ചും ഉണ്ടായിവന്ന വിഭവ സമാഹരണപ്രക്രിയ സാമൂഹികബന്ധങ്ങളെ ശ്രേണീബന്ധങ്ങളുടെ ഘടനയാക്കി തീർത്തു. സമൂഹരൂപം ശ്രേണീസ്വഭാവമുള്ള ജീവനപ്രവർത്തികളുടെയും ഏറ്റിറക്ക മേൽ-കീഴ് മനുഷ്യവിന്യാസക്രമത്തെയും സൃഷ്ടിച്ച വ്യവസ്ഥയായി വളർന്നുവന്നു. വിവിധ നാടുകളുടെ മേൽക്കോയ്മ നേടിയെടുത്ത നാട്ടുടയവരുടെയും കുടിയേറ്റ ബ്രാഹ്മണരുടെയും ചേര പെരുമാക്കന്മാരുടെയും

ആധിപത്യം ഇടനാട്ടിൽ വികസിച്ചുവന്നതിന്റെ ഫലമായിട്ടാണ് സാമൂഹിക ശ്രേണീവ്യവസ്ഥയും സാമൂഹിക പുറംതള്ളൽ രൂപങ്ങളും വികസിച്ചു വന്നത്.

നാടുകളുടെ മേൽ ആധിപത്യം സ്ഥാപിച്ച നാട്ടുടയവരുടെ അധികാര ക്രമം കുടിയേറ്റ ബ്രാഹ്മണർക്ക് സഹായകമായി. തദ്ദേശീയ കാർഷികസമൂഹ ങ്ങൾ നിർമ്മിച്ചെടുത്ത കാർഷിക ഇടങ്ങൾക്കുമേൽ ആധിപത്യം സ്ഥാപിക്കുന്ന തിന് ബ്രാഹ്മണർക്കു സഹായകമായി. കുടിയേറ്റ ബ്രാഹ്മണർ നാട്ടുടയവരുടെ സഹായത്തോടെ തദ്ദേശീയ കുടിസമൂഹങ്ങളുടെയും അവരുടെ കാർഷിക ഗ്രാമങ്ങളുടെയും മേൽ സ്ഥാപിച്ചെടുത്ത ആധിപത്യത്തിന്റെ ഭാഗമായി കുടി സമൂഹങ്ങളുടെ കാർഷിക പ്രദേശങ്ങൾ ബ്രാഹ്മണരുടെ കുടിയേറ്റ ഭൂമിയും ബ്രാഹ്മണരുടെ നിയന്ത്രണത്തിലുള്ള കാർഷികപ്രദേശങ്ങളുമായി മാറി. ഇത്തരം കാർഷിക ഗ്രാമങ്ങൾ പിന്നീട് ബ്രാഹ്മണ ഊരുകളായി പരിവർത്തി ക്കപ്പെട്ടു. നാട്ടുടയവർ ബ്രാഹ്മണരെ ക്ഷണിച്ചു കൊണ്ടുവരികയും കാർഷിക കുടിസഞ്ചയങ്ങളുടെ കൃഷിഭൂമികളിൽ ബ്രാഹ്മണരെ സ്ഥിരതാമസത്തിനായി കുടി പാർപ്പിക്കുകയും ചെയ്തതിന്റെ ഭാഗമായിട്ടാണ് ഇത്തരം കാർഷിക പ്രദേ ശങ്ങൾ ബ്രാഹ്മണരുടെ നിയന്ത്രണത്തിലാകുന്നത്. ഇതോടെ കുടികളുടെ കാർ ഷികഭൂമികളിൽ നിന്നും നാട്ടുടയവർ പിരിച്ചിരുന്ന സംരക്ഷണ കാഴ്ചകളായ ഉല്പ ന്നങ്ങൾ കുടി പാർപ്പിച്ച ബ്രാഹ്മണർക്ക് നാട്ടുടയവർ ദാനമായി നല്കുന്ന പ്രക്രിയ വ്യാപകമായിത്തീർന്നു. ബ്രാഹ്മണർക്ക് ദാനമായി നൽകിയ ഉൽപ്പന്നങ്ങളിൽ നിന്നുള്ള പങ്കും ഉൽപ്പന്നങ്ങൾ വിളയുന്ന ഭൂമിയും നാട്ടുടയവരും സ്വകാര്യ ഭൂവുടമകളും നൽകിയപ്പോൾ ഇത്തരം ഭൂമികളുടെ മേൽ സ്ഥിരമായ ഉടമസ്ഥത നേടിയെടുക്കുന്നതിനായി ബ്രാഹ്മണർ ഭൂനിയന്ത്രണക്രമങ്ങൾ നിർമ്മിച്ചെടുത്തു. ഭൂമിയുടെ മേലുള്ള അവകാശങ്ങൾ ബ്രാഹ്മണഗ്രാമങ്ങളുടെ മേലുള്ള പാരമ്പര്യ അവകാശങ്ങളായി ബ്രാഹ്മണർ വ്യവസ്ഥപ്പെടുത്തി. ഇതിന്റെ ഭാഗമായി കാർഷികസമൂഹങ്ങളും അവരുടെ കൃഷിയിടങ്ങളും ബ്രാഹ്മണ ഗ്രാമങ്ങളുടെയും ക്ഷേത്രങ്ങളുടെയും ഭൂസ്വത്തവകാശത്തിന്റെ നിയന്ത്രണത്തിലായി. കാർഷിക കുടിസമൂഹങ്ങൾ അവരുടെ കാർഷികപ്രദേശങ്ങളിൽ ബ്രാഹ്മണരുടെ ഭൂ നിയന്ത്രണവ്യവസ്ഥകൾക്ക് വിധേയപ്പെട്ട് കൃഷി നടത്തേണ്ട പാട്ടക്കുടിയാൻ മാരായിത്തീർന്നു. കാരാൾമ മിതാട്ച്ചി വ്യവസ്ഥയും ഊരാളസമ്പ്രദായവുമായി കാർഷിക കുടി ജനസഞ്ചയത്തിന്റെ മേൽ ബ്രാഹ്മണാധിപത്യം ഭൂവുടമസ്ഥത സ്ഥാപിച്ചെടുത്തു. ഇത്തരം ഭൂസ്വത്തു വ്യവസ്ഥകൾ ക്രമേണ ബ്രാഹ്മണ ഗ്രാമങ്ങ ളുടെ കൂട്ടായ സ്വത്തുവ്യവസ്ഥയായ ബ്രഹ്മസ്വമായി മാറി. ഇത്തരം ബ്രാഹ്മണ ഗ്രാമങ്ങളിൽ മുക്കാൽ വട്ടം എന്നറിയപ്പെട്ട ബ്രാഹ്മണ ആരാധന ഇടങ്ങൾ

ക്രമേണ ക്ഷേത്രങ്ങളായി വികസിച്ചുവന്നു. പല ശ്രമണ ആരാധനാലയങ്ങളും ബ്രാഹ്മണക്ഷേത്രങ്ങളായി മാറി. ഇത്തരം ബ്രാഹ്മണക്ഷേത്രങ്ങൾക്ക് നാട്ടുടയ വരും ബ്രാഹ്മണ, ഇതര ഭൂവുടമകളും ഭൂമിയും ഭൂമിയിൽ നിന്നുള്ള ഉല്പന്നങ്ങളും ഉൾപ്പടെയുള്ള മറ്റു വിഭവങ്ങളും ദാനമായി നല്കി. ദാനങ്ങൾ ക്ഷേത്രങ്ങളുടെ വിഭവസമാഹരണത്തിന്റെ സാംസ്കാരികവും പ്രതീകാത്മകവുമായ വ്യവസ്ഥ യായി നിലനിന്നു.

### ആളടിമത്തവും കോയ്മാരൂപങ്ങളും

ഇടനാട്ടിലെ ഏകവിള നീർനില പ്രദേശങ്ങളിലെയും ബഹുവിള പറമ്പ് ഭൂമികളി ലെയും കാർഷികസമൂഹങ്ങൾ ഉഴവർ കുടികളും അനുബന്ധ തൊഴിലുകളിലേർ പ്പെടുന്ന കമ്മാള കുടികളുമായിരുന്നു. ഈ കൃഷിരൂപങ്ങൾക്ക് അടിത്തറയായി നിലനിന്നത് നേരിട്ട് ഭൂമിയിൽ കായികാധ്വാനം നടത്തുന്ന മനുഷ്യരായിരുന്നു. ഇവരെ ആളടിയാരായിട്ടാണ് ശാസനങ്ങളിൽ പരാമർശിക്കുന്നത്. കുടികളും ആളടിയാരും കാർഷിക ജനസഞ്ചയത്തിലെ രണ്ടു സാമൂഹികവിഭാഗങ്ങ ളായി മാറി. നീർനില നെൽകൃഷി പ്രദേശവും ബഹുവിള പറമ്പ്മേഖലയും ഇടനാടിന്റെ കാർഷിക ഇടങ്ങളായി വികസിച്ചു വന്നു. പ്രാചീനകാലം മുതൽ കുടികളായി അറിയപ്പെട്ടിരുന്ന ആദ്യകാല കാർഷികസമൂഹങ്ങൾ നിർമ്മിച്ചെ ടുത്ത കാർഷിക ഇടങ്ങളായിട്ടാണ് ഈ കാർഷികപ്രദേശങ്ങൾ വികസിച്ചു വന്നത്. കാർഷികവ്യവസ്ഥാക്രമത്തിൽ സ്ഥിരമായി കാർഷികവൃത്തിയിൽ ഏർപ്പെടുന്ന ഒരു സാമൂഹികവിഭാഗത്തിന്റെ രൂപീകരണത്തോടെയാണ് ഇങ്ങനെ കാർഷിക ഇടങ്ങൾ വളർന്നുവന്നത്. ഇവർ നിർബന്ധിത അധ്വാനം ചെയ്യുന്ന ഒരു സാമൂഹികവിഭാഗമായി സ്ഥാനപ്പെട്ടപ്പോൾ നിർബന്ധിത അധ്വാനം കാർഷികവ്യവസ്ഥാക്രമത്തിന്റെ ഭാഗമായി മാറി.ഒരു പ്രാഥമിക ഉൽപ്പാദകസമൂഹം (primary producing groups) ഇടനാടിനെ കേന്ദ്രീക രിച്ചുണ്ടായി വരേണ്ടത് ഇടനാടിന്റെ സമ്പദ്‌രൂപത്തിന്റെയും കോയ്മവ്യവസ്ഥ യുടെയും നിലനിൽപ്പിന് ആവശ്യമായിരുന്നു.

പറമ്പ് ഭൂമിയിലെ ബഹുവിളകൃഷിയും നദീതടങ്ങളിൽ നീർനിലകൃഷിയും സൃഷ്ടിച്ചതു ആദ്യകാല ഉഴവർ ഗോത്രങ്ങലായിരുന്നു.പുലയരായ കാർഷിക സമൂഹങ്ങൾ ഭൂമിയുടെ മേൽ അവകാശങ്ങൾ ഉണ്ടായിരുന്നവരായിട്ടാണ് ഒൻപതാംനൂറ്റാണ്ടിലെ പാർഥിവപുരം ശാസനത്തിൽ പറയുന്നത്. "കളമടുത്തു പുലേർക്കു കൊടുത്ത ഇരണ്ടേർ നിലത്തിനും കിഴക്ക്" എന്നാണ് പാർത്ഥിവ പുരം ശാസനത്തിലെ സൂചന ( Rao 1988: 52-56). തെക്കൻകേരളത്തിൽ, വിക്രമാദിത്യ വരഗുണൻ എന്ന ആയ് കുല തലവൻ തന്റെ ഇഷ്ടക്കാരിയായ

മാതേവി മുരുകൻ ചേന്തിക്ക്, കരഭൂമിയും ആ ഭൂമിയോടു കൂട്ടപ്പെട്ടിരിക്കുന്ന പുലയരെയും അട്ടിപ്പേർ കാരാൺമൈ-മീതാട്ചി വ്യവസ്ഥയിൽ ചാർത്തിക്കൊടുക്കുന്നുണ്ട് (Rao 1988: 41-45). മധ്യകേരളത്തിലെ ഇടനാടൻ പ്രദേശങ്ങളിൽ വളർന്നുവന്ന നാടുകളിൽ നാട്ടുടയവരുടെ നിയന്ത്രണത്തിലുള്ള ചേരിക്കൽ ഭൂമിയിൽ കാർഷിക അടിമകളായ ആളടിയാരായിട്ടാണ് പുലയർ ഒമ്പതാംനൂറ്റാണ്ടിനെ തുടർന്ന് വളർന്നുവരുന്നത്. കുടിസമൂഹങ്ങളിൽ നിന്നുമുള്ള ഒരു വിഭാഗം ആൾ അടിയാരായി, അടിമകളായി മാറുകയും അവരിൽ ഒരു വിഭാഗം പുലയരായി സ്ഥാനപ്പെടുകയും ചെയ്തു എന്നാണ് ഇതിൽനിന്നും മനസ്സിലാവുന്നത്.ഈ പ്രക്രിയയെ തുടർന്നാണ് ആൾ, അടിയാർ, പുലയർ എന്നീ വിഭാഗങ്ങൾ വിവിധനാടുകളിൽ നാട്ടുടയവരുടെയും സ്വകാര്യ ഭൂവുടമകളുടെയും നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ഭൂമികളിൽ അടിമകളായി മാറുന്നത്. നാടുകളായി വളർന്നുവന്ന കാർഷികപ്രദേശങ്ങൾക്കുമേൽ നാട്ടുടയവരുടെ ആധിപത്യം ഉണ്ടായിവന്നതിന്റെ ഭാഗമായിട്ടായിരുന്നു ഈ പരിവർത്തനം സംഭവിക്കുന്നത്. വിവിധനാടുകൾ ഉണ്ടായി വന്ന പ്രക്രിയയോടൊപ്പമാണ് നീർനില പ്രദേശങ്ങളും പറമ്പ് ഭൂമികളുമായി ഇടനാട്ടിൽ കാർഷികപ്രദേശങ്ങൾ വികസിച്ചുവന്നത്. ഇത്തരം കാർഷിക ഭൂപ്രദേശങ്ങൾ കാർഷിക ഉത്പാദന ഇടങ്ങൾ എന്ന നിലയിൽ കുടികളുടെയും കാർഷിക അടിമകളാക്കപ്പെട്ട മനുഷ്യരുടെയും സാമൂഹിക അധ്വാനത്തിന്റെയും അവരുടെ അറിവുരൂപങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാർഷിക നിപുണതയുടെയും ഭാഗമായി ഉണ്ടായിവന്ന കാർഷിക ഇടങ്ങൾ കൂടിയാണ്.കുടിസമൂഹങ്ങളായ ഉൽപ്പാദക സമൂഹങ്ങളുടെ സാമൂഹിക അധ്വാനത്തിന്റെ ഭാഗമായി രൂപപ്പെട്ടതാണ് കാർഷിക ഇടങ്ങളും വാസസ്ഥാനങ്ങളുമായിരുന്ന കാർഷിക ഊരുകൾ.ഈ ഊരുകൾ നവീനശിലായുഗത്തെ തുടർന്ന് പശ്ചിമഘട്ട പ്രദേശങ്ങളിൽ ഉരുവം കൊണ്ടതും ബ്രാഹ്മണരുടെ കുടിയേറ്റങ്ങൾക്ക് മുന്നേ കാർഷിക പ്രദേശങ്ങളായി വളർന്നു വന്നതുമാണ് (Madhavan 2012: 155-158). ഇത്തരം ഊരുകളും കുടിസഞ്ചയങ്ങളും നാടുകളുടെ വിഭവാടിത്തറയായിരുന്നു. കാർഷിക പ്രദേശങ്ങളായ നാടുകളിലെ കുടി ജനസഞ്ചയങ്ങളും അടിമകളാക്കപ്പെട്ട കുലങ്ങളും വിവിധ നാടുകളിലെ ഉല്പാദകസമൂഹങ്ങളായിട്ടാണ് നിലനിന്നത്. ഇത്തരം നാടുകളുടെ മേൽ ആധിപത്യം സ്ഥാപിച്ച ഗോത്രത്തലവന്മാരും പ്രാദേശിക ഭൂവുടമകളും വിവിധ നാടുകളുടെ ഉടയവരായി മാറുകയാണുണ്ടായത്. നാട്ടുടയവരുടെ ആധിപത്യം നാടിന്റെ മേൽ ഉണ്ടായിവരുന്നതിന്റെ ഭാഗമായിട്ടാണ് കാർഷികപ്രവർത്തികളിൽ ഏർപ്പെട്ടിരുന്ന

സ്വതന്ത്രരായ കാർഷിക കുടികളിൽ ഒരു വിഭാഗം പ്രാഥമിക ഉല്പാദകസമൂഹങ്ങളായ ആളടിമകളായി മാറുന്നത്. മറ്റുള്ള കുടിസമൂഹങ്ങൾ ആശ്രിത കാർഷികസമൂഹങ്ങളായി മാറുകയും കോയ്മകളുടെ നിയന്ത്രണങ്ങൾക്കും ചൂഷണത്തിനും വിധേയമായി ഉൽപ്പാദനം നടത്തേണ്ട ആശ്രിതവിഭാഗങ്ങളായി മാറുകയും ചെയ്തു. ഇത്തരം കുടി സമൂഹങ്ങളെപ്പറ്റിയും ആളടിയാരെപ്പറ്റിയും 849 AD-യിലെ തരിസാപ്പള്ളി ശാസനത്തിൽ പരാമർശമുണ്ട്. കൊല്ലം നഗരത്തിൽ വേണാട്ടിലെ ഉടയവരായ വേണാട്ടടികളുടെ ചേരിക്കൽ ഭൂമി മരുവാൻ സപീരിശോ എന്ന സുറിയാനി വർത്തക പ്രമാണിക്കു ചില പ്രത്യേക അവകാശങ്ങളോടെ കൈമാറുന്ന ദാനപ്രമാണമാണ് തരിസാപ്പള്ളി ചെപ്പേട്. നാലുകുടി ഈഴവരും ഒരു കുടി വണ്ണാരും, രണ്ടു കുടി ഉപ്പെരുവിയരും ഒരു കുടി തച്ചരും ആളടിമകളടക്കം ഭൂമിക്ക് കാരാളരായ നാലു കുടി വെള്ളാളരെയും പള്ളിക്ക് കൊടുത്ത ഭൂമിയിൽ ഉൾപ്പെട്ടതായി രേഖയിൽ പറയുന്നു. (Varier and Veluthat 2015: 109-119).ഈ ഭൂമിയിൽ നിർബന്ധിത അധ്വാനം ചെയ്യുന്ന ആൾ എന്നറിയപ്പെട്ടിരുന്ന അടിയാർ വിഭാഗങ്ങളോടൊപ്പം അടിമയെയും പരാമർശിച്ചു കാണുന്നു. അടിമകളെ കൊല്ലം നഗരത്തിൽ കച്ചവടം ചെയ്യാൻ എത്തിച്ചതായിരിക്കാൻ സാധ്യതയുണ്ട്. പെണ്ണാളിനെയും ആണാളിനെയും അടിമകളായി കൈമാറുമ്പോൾ കൊടുക്കുന്ന മുലവിലയും തലവിലയും ശാസനത്തിൽ പരാമർശിക്കുന്നുണ്ട്. ആളടിമകളെ വില വാങ്ങി വിറ്റിരുന്നതിനെപ്പറ്റിയാണ് ശാസനത്തിൽ പരാമർശിക്കുന്നത് എന്നുവേണം കരുതാൻ. ഒമ്പതാംനൂറ്റാണ്ടിൽ കൊല്ലംനഗരത്തിന്റെ വാണിജ്യപ്രാധാന്യവും കച്ചവടബന്ധങ്ങളും പശ്ചിമ ഏഷ്യൻപ്രദേശങ്ങളോടൊപ്പം ഇന്ത്യൻമഹാസമുദ്രമേഖലയുമായും ബന്ധപ്പെട്ടാണ് നിലനിന്നിരുന്നത്. കൊല്ലം നഗരത്തിൽ അടിമകളെ വിൽക്കുന്ന ചന്തകൾ ഉണ്ടാകാനുള്ള സാധ്യതയെപ്പറ്റി അന്വേഷിക്കേണ്ടി വരുന്നത് ഈ പശ്ചാത്തലത്തിലാണ്.

നിർബന്ധിത അധ്വാനത്തിൽ ഏർപ്പെടുന്ന സമൂഹങ്ങൾ അടിയാളരും ആളടിമകളുമായി മാറുന്ന പ്രക്രിയ വിവിധ നാടുകളിൽ ഉണ്ടായി വന്നത് ഇത്തരം നാടുകളിലെ നീർനില നെൽകൃഷിയുടെയും ബഹുവിള പറമ്പ് കൃഷിയുടെയും വ്യാപനത്തിന്റെയും വളർച്ചയുടെയും ഭാഗമായിട്ടായിരുന്നു. നാട്ടുടയവർ നിയന്ത്രിക്കുന്ന ചേരിക്കൽ ഭൂമികളിൽ ഭൂമിയോടൊപ്പം കൈമാറ്റം ചെയ്യപ്പെടുന്ന ആളടിമകളെ സൂചിപ്പിക്കുന്ന ശാസനങ്ങളിൽ ഈ മാറ്റം കാണാവുന്നതാണ്. പറയൻ പുറായ്, പറയൻ വളാൽ, പറയർകാട്ടുചേരി, പുലയൻ മുതൈ എന്നിങ്ങനെ ആളടിയാരായി മാറ്റപ്പെട്ട കുലങ്ങൾ കുടികിടന്ന ഇടങ്ങളെപ്പറ്റി

ശാസനങ്ങളിൽ സൂചനകളുണ്ട്( Rao 1992: 201, 206.Aiyar1999: 160-161). തിരുവല്ല ചെമ്പുപട്ടയത്തിൽ മുഞ്ചിനാട്ടിലെ രാമൻ മാതേവി എന്ന നാട്ടുടയവർ തന്റെ കീഴിലുള്ള ഇഞ്ചുരത്ത്, കുഴിക്കാട് എന്നീ ചേരിക്കൽ ഭൂമികൾ ആ ഭൂമിയോടൊപ്പമുള്ള ആളടിയാരൊടൊപ്പം തിരുവല്ലാക്ഷേത്രത്തിന് ദാനം ചെയ്യുന്നു (Rao 1992: 200-202). വിവിധ നാടുകളിലെ നീർനില ഏകവിളകൃഷിയും പറമ്പ് ഭൂമിയിലെ ബഹുവിള കാർഷികവൃത്തികളും ഇടനാടിനെ കേന്ദ്രീകരിച്ചുള്ള വിഭവോല്പാദനത്തിനും വിഭവസമാഹരണത്തിനും കാരണമാകുന്നു. ആളടിയാളരുടെയും കാർഷിക കുടിസമൂഹങ്ങളുടെയും അധ്വാനത്തിന്റെയും അവർ വികസിപ്പിച്ച സാങ്കേതികവിദ്യയുടെയും കാർഷിക അറിവിന്റെയും ഭാഗമായി ഉണ്ടായി വന്നതാണ് (Madhavan 2012: 340- 348) ഈ വിഭവ ഉത്പാദന സമാഹരണപ്രക്രിയ. ഇത് വ്യവസ്ഥാപരമായ സ്ഥാപനരൂപങ്ങളിലൂടെ ചിട്ടപ്പെടുന്ന ഒരു സമൂഹരൂപപ്രക്രിയയായി തീരുന്നത് നാട്ടുടയവരുടെയും ബ്രാഹ്മണഗ്രാമങ്ങളുടെയും ക്ഷേത്രങ്ങളുടെയും ചേരപെരുമാക്കന്മാരുടെയും കോയ്മകൾ വിവിധ നാടുകളുടെ മേൽ ഉണ്ടായി വരുമ്പോഴാണ്. നീർനിലകൃഷിയും പറമ്പ് കൃഷിയും കൂടാതെ കേരളത്തിലെ പ്രധാന കായൽപ്രദേശങ്ങളിലെ കരിഭൂമികളും കരപ്പാടപ്രദേശങ്ങളും നീർനിലകൃഷിക്ക് ഉപയുക്തമായ രീതിയിൽ ആളടിമകളായ പറയർ പുലയർ കുറവർ മുതലായ കാർഷികവിഭാഗങ്ങളെ ആളടിമകളാക്കി മാറ്റി അവരുടെ അധ്വാനവും സാങ്കേതികജ്ഞാനവും കാർഷിക അറിവുകളും ഉപയോഗിച്ച് കൃഷിഭൂമിയാക്കി (Rao 1992: 2002) മാറ്റുന്ന പ്രക്രിയ വികസിച്ചുവന്നു. കായലുകളും ചതുപ്പുനിലങ്ങളും വെള്ളക്കെട്ടു നിറഞ്ഞ തുരുത്തുകളും പടന്ന നിലങ്ങളും മടകെട്ടി വെള്ളംവറ്റിച്ച് കരിനിലങ്ങളും കരപ്പാടങ്ങളുമാക്കി നെൽകൃഷിക്ക് ഉപയുക്തമാക്കിയത് അടിമകളാക്കി മാറ്റിയ വിവിധ കുലങ്ങളുടെ നിർബന്ധിത അധ്വാനത്താലാണ് (Rao 1988: 275-287). നാട്ടുടയവരും ബ്രാഹ്മണഗ്രാമങ്ങളും ക്ഷേത്രങ്ങളും അതിന്റെ കോയ്മ സ്ഥാപിച്ചെടുക്കുന്നതിനായി കാർഷികസമൂഹത്തിൽ സ്ഥിര അടിമകളായി ആളടിയാരായി പുലയരുൾപ്പടെയുള്ള കാർഷിക സമുദായങ്ങളുടെ നിർബന്ധിത അധ്വാനത്തെ സ്ഥാപനപരമായി കീഴ്പ്പെടുത്തി നിലനിർത്തി. കാടും കരയും കരപുരയിടവും ഇതിൽ അടിമകളാക്കപ്പെട്ട 'ആൾ' എന്ന് പൊതുവെ വിളിച്ചിരുന്ന ആണാളും പെണ്ണാളും ഉൾപ്പെടുന്ന മനുഷ്യരെ ഭൂമിയോടൊപ്പം വിവിധ തരത്തിലുള്ള കോയ്മകളുടെ നിയന്ത്രണത്തിലുള്ള ഭൂമികളിൽ പണിയാളർ കുലങ്ങളായി നിലനിർത്തുകയും ഭൂമിയോടൊപ്പം അവരെ കൈമാറ്റം ചെയ്തതായും കിളിമാനൂർ ശാസനത്തിൽ പറയുന്നു (Ayyar, A.S.

Ramanatha. 1999: 63-85). വളരെ സങ്കീർണ്ണമായ കാർഷികപ്രക്രിയയും അധികാരവ്യവസ്ഥയുമായിട്ടാണ് ഈ പ്രക്രിയ വളർന്നുവന്നത്. നാട്ടുകോയ്മ കളുടെയും ക്ഷേത്ര വ്യവസ്ഥയുടെയും ബ്രാഹ്മണ ഗ്രാമങ്ങളുടെയും ആധിപത്യം വികസിച്ച വന്ന പ്രക്രിയയുടെ ഭാഗമായിട്ടാണ് കായൽ പ്രദേശവും ചതുപ്പുനി ലങ്ങളും ആളടിയാരെ ഉപയോഗിച്ച് കരിഭൂമികളാക്കി മാറ്റിയത് (Madhavan 2014: 7-13). വിവിധ തരത്തിലുള്ള കൃഷിരൂപങ്ങൾ വികസിച്ച വന്ന പ്രക്രിയ പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത് കേരളത്തിലെ ആളടിമകളുടെ രൂപീകരണവും വളർച്ചയും ആളടിമത്തത്തിൽ നിന്നും ജാതി അടിമത്തി ലേക്ക് ചരിത്രപരമായി പരിവർത്തനപ്പെട്ട പ്രക്രിയയാണ്. നാട്ടുടയവരുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ചേരിക്കൽ ഭൂമികളിലാണ് ആളടിമകൾ ഉണ്ടായി വരുന്നത്. പത്താം നൂറ്റാണ്ടോടെ മധ്യകേരളത്തിലെ ഇടനാടൻ പ്രദേശങ്ങളിൽ പ്രാഥമിക ഉല്പാദകവിഭാഗങ്ങളായ പുലയരുൾപ്പടെയുള്ള കുലങ്ങൾ നാട്ടുടയവരുടെ നിയന്ത്രണത്തിലുള്ള കാർഷിക അടിമകളായി മാറിക്കഴിഞ്ഞിരുന്നു. കാർഷിക അടിമകളായിത്തീർന്ന പുലയർ കാൽക്കരൈ നാട്ടുടയവരായ കണ്ണൻ പുറൈയന്റെ നിയന്ത്രണത്തിലുള്ള ചേരിക്കൽ ഭൂമിയായ പെരുവയൽ നീർനില നെൽകൃഷിഭൂമിയിൽ ആളടിമകളായി മാറി യതിനെപ്പറ്റി എ.ഡി. 953-ലെ തൃക്കാക്കര ശാസനത്തിൽ പറയുന്നുണ്ട് (Rao 1992: 169-171). ആളടിമകളുടെ അധ്വാനം നിർബന്ധിതമായി ഉപയോഗിച്ച് പുതിയ ഭൂമികൾ വെട്ടിത്തെളിച്ച് കൃഷിഭൂമികളാക്കി മാറ്റുന്ന പ്രക്രിയ സൂചി പ്പിക്കുന്ന ശാസന തെളിവുകളുണ്ട്. ഇത്തരം ഭൂമികൾ വെട്ടിക്കരിക്കാട്ടെക്കുള്ള പൂമിയും പുലൈയരു (Rao 1992: 166-168) മായി 959 എ.ഡി.യിലെ തൃക്കാക്കര ശാസനത്തിൽ പറയുന്നുണ്ട്. ഇത്തരം ഭൂമികൾ പുലയരോടൊപ്പം തൃക്കാക്കര ക്ഷേത്രത്തിന് ദാനം ചെയ്യുന്നതായാണ് ശാസനത്തിൽ പറയുന്നത്. ക്ഷേത്ര ങ്ങൾക്ക് നാട്ടുടയവരും സ്വകാര്യ ഭൂവുടമകളും ദാനമായി നല്കുന്ന ഭൂമികളിൽ ആളടിമകളും പുലയരും നിർബന്ധിതമായി പണിയെടുക്കുന്ന ഉത്പാദകവിഭാ ഗങ്ങളായിട്ടാണ് സൂചിപ്പിക്കുന്നത്. കാൽക്കരൈനാട്ടിലെ ഉടയവരായ കണ്ണൻ കുമരൻ തന്റെ നിയന്ത്രണത്തിലുള്ള ചേരിക്കൽ ഭൂമിയായ കണ്ണമംഗലത്തു വയലും കരയും അതിനോടൊപ്പമുള്ള ആളടിയാരായ പുലയരോടൊപ്പമാണ് തൃക്കാക്കര ക്ഷേത്രത്തിലേക്ക് ദാനമായി നൽകുന്നത്. (Rao 1992: 176-177).

ചേരിക്കൽ ഭൂമികളിലാണ് നാട്ടുടയവർ ബ്രാഹ്മണരെ ക്ഷണിച്ചു കൊണ്ടു വന്ന് കുടിയിരുത്തുന്നത്. ബ്രാഹ്മണർക്കു നല്കപ്പെട്ട ചേരിക്കൽ ഭൂമികളിലും ബ്രാഹ്മണക്ഷേത്രങ്ങൾക്ക് നാട്ടുടയവർ ദാനമായി കൊടുക്കുന്ന ഭൂമികളിലും

പ്രാഥമിക ഉല്പാദകസമൂഹങ്ങളായി ആളടിയാരായ പുലയർ അടിമകളായി ഭൂമിയോടൊപ്പം കൈമാറ്റം ചെയ്യപ്പെടുന്നതായിട്ടാണ് രേഖകളിൽ പരാമർശമുള്ളത്. ബ്രാഹ്മണ ഗ്രാമങ്ങളുടെയും ക്ഷേത്രവ്യവസ്ഥയുടെയും ആധിപത്യം ഉണ്ടായി വരുന്നതിനു മുന്നെ തന്നെ വിവിധ നാടുകളുടെ ഉടയവരായ നാട്ടുകോയ്മകളുടെ ചേരിക്കൽ ഭൂമികളിൽ ആളടിമകളായി കാർഷികസമൂഹങ്ങളിൽ ഒരു വിഭാഗത്തെ മാറ്റിയിരുന്നു. ഇടനാട്ടിലെ സ്ഥിരകൃഷിയായി മാറിയ നീർനില നെൽകൃഷിയിലും ബഹുവിള പറമ്പ് കൃഷിയിലും ഏർപ്പെട്ടിരുന്ന ആദ്യകാല കാർഷികഗോത്രങ്ങളിലെ ചില കുലങ്ങളെ നാട്ടുടയവർ അവരുടെ കാവൽ സംഘങ്ങളെയും നൂറ്റവർ പോലുള്ള സായുധ സംഘങ്ങളെയും ഉപയോഗിച്ചാണ് അടിമകളാക്കി മാറ്റിയത് എന്നാണ് വെളിപ്പെടുന്നത്. നീർനിലപ്രദേശവും പറമ്പ് ഭൂമികളും ഉൾപ്പെടുന്ന പ്രദേശങ്ങൾ ക്രമേണ നാട്ടുടയവരുടെ നിയന്ത്രണത്തിലുള്ള ചേരിക്കൽ ഭൂമികളായിത്തീർന്നു. ഇത്തരം ഭൂമികളിലെ കീഴോർകുലങ്ങൾ പലതും നാട്ടുടയവരുടെ ആളടിമകളായി മാറിയതിനെപ്പെറ്റി പല ശാസന തെളിവുകളുമുണ്ട്. (Aiyer, K.V. Subramanya 1932: 97-98, Madhavan 2012: 340-348). കരഭൂമിയിലും ബഹുവിള പറമ്പ് ഭൂമിയിയിലും കാണം, ഒറ്റി, പണയം എന്നിങ്ങനെ ഭൂമിയും പണവിനിമയ ബന്ധങ്ങളും വളർന്നുവരുമ്പോൾ ഭൂമിയും ഭൂമിയൊടൊപ്പമുള്ള ആളടിയാരെയും പണയപ്പെടുത്തുന്ന ധനാവശ്യങ്ങളും സാമ്പത്തിക ബന്ധങ്ങളും പെരിഞ്ചെല്ലൂർ ശാസനത്തിൽ സൂചിപ്പിക്കുന്നുണ്ട് (Adhara m2006: 75-82, Madhavan 2012: 347).

### ആളടിമത്തത്തിൽ നിന്നും ജാതി അടിമത്തത്തിലേക്ക്

കേരളത്തിലെ ഇടനാടൻ പ്രദേശങ്ങളുടെ ജൈവപാരിസ്ഥിതികമേഖലകളിൽ കാർഷിക കുടിസമൂഹങ്ങൾ വികസിപ്പിച്ച കൃഷി രൂപങ്ങളും സാമൂഹികവും ഇടപരവുമായ പ്രക്രിയയിലൂടെ നിർമ്മിക്കപ്പെട്ട കുടിസമൂഹങ്ങളുടെ കൃഷിയിടങ്ങളെ ഉൾവഹിച്ചു നിലനിന്ന ഊരുകളെയും നാട്ടുടയവരുടെ സഹായത്തോടെ കീഴ്പ്പെടുത്തുകയും നിയന്ത്രിക്കുകയും ചെയ്യുന്ന സാമൂഹിക ശക്തികളായി ബ്രാഹ്മണർ മാറുന്ന പ്രക്രിയ സങ്കീർണ്ണമായിരുന്നു. നീർനില നെൽകൃഷിയിൽ നിന്നും പറമ്പ് ഭൂമികളിലെ ബഹുവിള കൃഷിയിൽ നിന്നുമുള്ള പങ്ക് കുടികളിൽ നിന്നു നിർബന്ധമായി പകർച്ചയായി കവർന്നെടുത്തു കൊണ്ടാണ് നാടുകളുടെ മേൽക്കോയ്മ സ്ഥാപിച്ചെടുത്തുകൊണ്ട് നാട്ടുടയവർ വളർന്നുവന്നത് (Ganesh 2016 (b): 287-311). നാടുകളുടെ മേലുള്ള നാട്ടുടയവരുടെ രാഷ്ട്രീയ ആധിപത്യത്തിന്റെ സംരക്ഷണത്തിൽ മാത്രമേ കുടിയേറ്റ ബ്രാഹ്മണർക്ക് നാടുകളിലെ

കാർഷികവിഭവങ്ങളിലും തദ്ദേശീയ കുടി സമൂഹങ്ങളുടെ മേലും സാമൂഹിക ആധിപത്യം നേടാൻ കഴിയുമായിരുന്നുള്ളു. നാടുകളിലെ കാർഷികസമൂഹ മായ കുടിസമൂഹത്തിന്റെ മേൽ നാട്ടുടയവർക്ക് സ്ഥിരമായി രാഷ്ട്രീയാധി പത്യം സ്ഥാപിക്കുന്നതിന് ബ്രാഹ്മണരുടെ സംസ്കൃതജന്യവും വേദ-സ്മൃതി പാരമ്പര്യങ്ങളെ അടിസ്ഥാനമാക്കുന്നതുമായ യജ്ഞസംസ്കാരത്തിന്റെയും മീമാംസക അനുഷ്ഠാനകർമ്മങ്ങളുടെയും പിന്തുണയും സംരക്ഷണവും ആവശ്യ മായിരുന്നു. നാട്ടുടയവർക്ക് തങ്ങളുടെ രാഷ്ട്രീയകോയ്മ നാടിന്റെമേൽ സ്ഥാപി ച്ചെടുക്കുന്നതിന് ബ്രാഹ്മണരുടെ അനുഷ്ഠാനാത്മകവും വൈജ്ഞാനികവുമായ സാധൂകരണം വേണ്ടിവന്നു. കുടിയേറിയ ബ്രാഹ്മണർ വളരെ ചെറിയ സമൂഹ മായിരുന്നതിനാൽ അവർക്ക് നാട്ടുടയവരുടെ രാഷ്ട്രീയമായ പിന്തുണയുമാവ ശ്യമായിരുന്നു. നാട്ടുടയവരുടെയും ബ്രാഹ്മണരുടെയും ഇടയിൽ ഉണ്ടായി വന്ന ഇത്തരത്തിലുള്ള പാരസ്പര്യ സാധൂകരണത്തിന്റെയും സംരക്ഷണത്തിന്റെയും ഭാഗമായിട്ടാണ് ഇടനാട്ടിൽ ബ്രാഹ്മണഗ്രാമങ്ങളും ക്ഷേത്രങ്ങളും ബ്രാഹ്മണ്യ സംസ്കാരവും അതിന്റെ വിഭാവാധിപത്യവും സാംസ്കാരിക കോയ്മയും വിക സിപ്പിച്ചത്. ബ്രാഹ്മണരുടെയും നാട്ടുടയവരുടെയും ചാർച്ചക്കാരും അവരോട് ചേർന്നവരും അവരെ പറ്റിനില്ക്കുന്നവരും കൂടി നാടിന്റെ മേലുള്ള സ്ഥാപന അധികാരരൂപമായി മാറി. ഇവർ ഒരു കോയ്മാ വർഗ്ഗമായി തീർന്നു. കുടികളായ കർഷകരും സേവന തൊഴിലുകളിലേർപ്പെടുന്ന കുടികളും ആളടിമകളും ഉൾപ്പെടുന്നവർ കീഴ്പ്പെടുത്തപ്പെട്ട വിധേയ സാമൂഹിക സഞ്ചയമായി മാറി (Madhavan 2012: 113-205).

ബ്രാഹ്മണരുടെ ക്ഷേത്ര ആചാരങ്ങളും മീമാംസക തന്ത്ര അനുഷ്ഠാ നങ്ങളും സാംസ്കാരിക കോയ്മയായി ചിട്ടപ്പെട്ടു വന്നു വ്യവസ്ഥപ്പെട്ടു. നാട്ടു ടയവരുടെയും ചേര പെരുമാക്കന്മാരുടെയും രാഷ്ട്രീയ അധികാരത്തെ അർത്ഥശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ വ്യവസ്ഥപ്പെടുത്താനും അതുവഴി പ്രദേശികസമൂഹങ്ങളിൽ നിന്ന് രൂപപ്പെട്ടു വന്ന നാട്ടുടയവരുടെയും പെരു മാക്കന്മാരുടെയും കോയ്മകളെ കാവേരി തടത്തിൽ രൂപപ്പെട്ട പല്ലവരുടെ അധികാരഘടനയോട് സാധർമ്യപ്പെടുത്താനും അർത്ഥശാസ്ത്രത്തിന്റെ ക്രമങ്ങൾക്കനുസൃതമായി വ്യാഖ്യാനിക്കാനിക്കാനും സാധൂകരിക്കാനും ബ്രാ ഹ്മണർ ശ്രമിച്ചു (Narayanan1972: 71-82, Ganesh 2010: 1-46). ധർമ്മ ശാസ്ത്രപാരമ്പര്യങ്ങളുടെ അടിസ്ഥാനത്തിൽ സാമൂഹികഭേദങ്ങളെ മേൽ കീഴ് ക്രമത്തിൽ വ്യവസ്ഥപ്പെടുത്തുന്നതും നമ്പൂതിരി ബ്രാഹ്മണരുടെ ശുദ്ധി വരേണ്യതയെ സ്ഥാനപ്പെടുത്തുന്നതുമായ ശൗചക്രമങ്ങളും ശാങ്കരസ്മൃതി

പോലുള്ള കൃതിയും ചിട്ടപ്പെടുന്നത് ഈ സന്ദർഭത്തിലാണ്. ഇതിഹാസപുരാണ സംസ്കൃത പാരമ്പര്യങ്ങളെ ക്ഷേത്രവ്യവസ്ഥയുടെയും ആചാരബ്രാഹ്മണ്യത്തിന്റെയും സാംസ്കാരിക കോയ്മ സ്ഥാപിച്ചെടുക്കുന്നതിനും നിലനിർത്തുന്നതിനും ഉപയോഗിച്ചു. നാടുകളുടെ ഉടയവരായി മാറിയ നാട്ടുടയവരെ ബ്രാഹ്മണരുടെ കൂടെ നിർത്തുന്നതിലൂടെയും നാട്ടുടയവർക്ക് സ്വയം ഉടയവരായി രാഷ്ട്രീയ ആധിപത്യം നാടുകളിലെ കുടികളും ആളടിയാരും ഉൾപ്പെടുന്ന കാർഷിക സമൂഹത്തിന്റെ മേൽ സ്ഥാപിച്ചെടുക്കുന്നതിനും ബ്രാഹ്മണർ ചിട്ടപ്പെടുത്തിയ ഇത്തരം സാംസ്കാരിക ഉപായങ്ങൾ ഉടയവർക്ക് സഹായകമായിത്തീർന്നു. ഈ കോയ്മാരൂപങ്ങളെ രാഷ്ട്രീയാധികാരമായി സ്ഥാപനരൂപമാക്കി മാറ്റുന്നതിനും സാധൂകരിക്കുന്നതിനും ബ്രാഹ്മണരുടെ സംസ്കൃത-യജ്ഞ സംസ്കാരവും സ്മാർത്ത പാരമ്പര്യവും സംസ്കൃതജന്യ വൈജ്ഞാനികരൂപങ്ങളും പ്രധാന പങ്കു വഹിച്ചു. ബ്രാഹ്മണസംഘങ്ങളും നാട്ടുടയവരും തമ്മിലുള്ള ബന്ധത്തിലൂടെ സ്ഥാപിച്ചെടുത്ത ഈ പ്രക്രിയയിലൂടെയാണ് കേരളത്തിന്റെ ഇടനാടൻ പ്രദേശങ്ങൾ ബ്രാഹ്മണരുടെ ഗ്രാമങ്ങളും ക്ഷേത്രവ്യവസ്ഥയും നിയന്ത്രിക്കുന്ന ഭൂപ്രദേശമായി മാറിയത് (Madhavan 2019: 89-104).

ഈ വ്യവസ്ഥയെ സാധൂകരിക്കുന്നതിനായി ചിട്ടവട്ടങ്ങൾ നിയമങ്ങളായി രൂപപ്പെട്ടു. അതിലൊന്നാണ് ബ്രാഹ്മണ ഗ്രാമങ്ങളുടെയും ക്ഷേത്രങ്ങളുടേയും സ്വത്തുവ്യവസ്ഥയെ സംരക്ഷിക്കുന്ന ചട്ടങ്ങൾ. കേരളത്തിൽ ദേവസ്വം ബ്രഹ്മസ്വം കൂട്ടുസ്വത്തുവ്യവസ്ഥ ഉണ്ടായി വരുന്നത് ബ്രാഹ്മണരുടെ സ്വത്തായി ബ്രഹ്മസ്വവും ക്ഷേത്രങ്ങളുടെ സ്വത്തായി ദേവസ്വവും എന്ന മട്ടിലായിരുന്നു. ബ്രാഹ്മണരുടേയും ക്ഷേത്രങ്ങളുടേയും സ്വത്ത് വ്യവസ്ഥകളെ നിയന്ത്രിക്കാനും നിശ്ചയിക്കാനും അതു നശിക്കാതിരിക്കാനും അവയെ സംരക്ഷിക്കുന്നതിനും ഒട്ടനവധി ചിട്ടകൾ വ്യവസ്ഥകളായി മാറുകയും അവ നിയമങ്ങളായി കച്ചങ്ങൾ എന്നറിയപ്പെടാനും തുടങ്ങി. ബ്രാഹ്മണരുടെ അധീശത്വത്തെ ഭൂമിയുടെ ഉടമസ്ഥാവകാശ നിയമങ്ങളായി മാറ്റുന്നത് കച്ചങ്ങൾ ഉണ്ടാകുന്നതോടുകൂടിയാണ്. കാരായ്മ -മീതാട്ചി എന്ന പേരിലറിയപ്പെട്ട ഭൂനിയന്ത്രണ വ്യവസ്ഥയെ ബ്രാഹ്മണരുടെ ഊരിന്റെയും ക്ഷേത്രങ്ങളുടെയും പൊതുസ്വത്തായി മാറ്റുന്നത് കച്ചങ്ങൾ എന്നറിയപ്പെട്ട നിയമ പിന്തുണയുള്ള ചട്ടങ്ങളിലൂടെയാണ്. കൂട്ടായ ക്ഷേത്രസ്വത്ത് ക്ഷേത്രത്തിന്റെ കൂട്ടായ ഉടമസ്ഥതയാക്കി നിയമപരമായി ക്രമപ്പെടുത്തുന്നത് കച്ചങ്ങളിലൂടെയാണ്. ചേരപെരുമാക്കന്മാരുടെയും നാട്ടുടയവരുടെയും രാഷ്ട്രീയ സംരക്ഷണത്തിലൂടെയാണ് ഇത് സ്ഥാപിച്ചെടുക്കുന്നത്. ഇതോടെ കാർഷികോല്പാദനപ്രക്രിയയും വിഭവസമാഹരണവും കാർഷിക

കുടി ജനതകളെയും ആളടിയാർ വിഭാഗങ്ങളെയും കീഴ്പ്പെടുത്തി അടിച്ചമർത്തി ചൂഷണംചെയ്യുന്ന വ്യവസ്ഥയ്ക്ക് സ്വത്തുടമസ്ഥതയുടെ സ്ഥാപനപരമായ രൂപം കൈവന്നു. നാട്ടുടയവരുടെയും പെരുമാക്കന്മാരുടെയും രാഷ്ട്രീയ അധികാരത്തിന്റെ പിന്തുണയോടെ ബ്രാഹ്മണർ മാറ്റിയെടുത്ത ക്ഷേത്രങ്ങളുടെയും ബ്രാഹ്മണ ഊരുകളുടേയും കൂട്ടായ സ്വത്തുരൂപമായിരുന്നു ദേവസ്വം ബ്രഹ്മസ്വം സ്വത്തുരൂപങ്ങൾ (Madhavan 2012: 189-199). പിന്നീട് ജീവിതവും വിരുത്തികളുമായി ഭൂമികൾ ബ്രാഹ്മണ ഊരാള കുടുംബങ്ങളുടെയും മറ്റ് ഭൂവുടമകളുടെയും ജന്മാവകാശങ്ങളുള്ള കുടുംബസ്വത്തായി മാറുന്നു (Pilla 2005: 590-651).ക്ഷേത്രങ്ങളുടെ അനുഷ്ഠാനവ്യവസ്ഥയാണ് അധികാരത്തിന്റെ സാംസ്കാരിക പ്രതീകവ്യവസ്ഥയായി നിലനിന്ന രൂപം. ആചാരമുറകളുടെ ഒരു വ്യവസ്ഥാക്രമമായി അല്ലെങ്കിൽ ആചാരക്രമങ്ങൾ നിശ്ചയിക്കുന്ന ഒട്ടനവധി പ്രയോഗരൂപങ്ങളായി പ്രതീകാത്മക വ്യവസ്ഥയായി ഇത് പ്രവർത്തിച്ചു വികസിച്ചു വന്ന് ആചാരപദ്ധതികളായി മാറി.അനുഷ്ഠാനങ്ങൾ ബ്രാഹ്മണ്യ ശുദ്ധി വരേണ്യതയ്ക്കനുസരിച്ച് നന്മതിന്മകളുടേയും ശുദ്ധി അശുദ്ധികളുടേയും ആചാരമുറകളുടേയും ക്ഷേത്ര മര്യാദകളുടെയും ചിട്ടകളും മുറകളുമായിത്തീർന്നു. ബ്രാഹ്മണരുടെയും ക്ഷേത്രങ്ങളുടെയും ആധിപത്യത്തെ സാധൂകരിക്കുന്ന പ്രതീകാത്മക ഹിംസകളുടെ അധികാര പ്രയോഗങ്ങളാണ് ക്ഷേത്ര വ്യവസ്ഥയുടെ സാംസ്കാരമായി ആചാരവ്യവസ്ഥകളായി നിലനിന്നത്. അനുഷ്ഠാനപരമായ പ്രതീകാത്മക അധികാരത്തിലൂടെ ക്ഷേത്ര ബ്രാഹ്മണ്യവും രാഷ്ട്രീയ സമ്പദ് ക്രമങ്ങളിലൂടെ ബ്രാഹ്മണ ഗ്രാമങ്ങളുടെയും ക്ഷേത്രങ്ങളുടെയും സ്വത്തു വ്യവസ്ഥയും അനുഷ്ഠാന കോയ്മയുടെ സാംസ്കാരിക ഭൂമിശാസ്ത്രവും ഭേദവ്യവസ്ഥയുടെ കോയ്മ രൂപമായി നിലനിന്നു. നാട്ടുടയവരുടെയും ചേര പെരുമാക്കന്മാരുടെയും രാഷ്ട്രീയ അധികാരത്തെ ബ്രാഹ്മണപൗരോഹിത്യം നിയന്ത്രിച്ചത് ബ്രാഹ്മണ്യത്തിന്റ സാംസ്കാരിക പ്രതീകവ്യവസ്ഥയിലൂടെയായിരുന്നു. ധർമ്മശാസ്ത്രങ്ങളെ അടിസ്ഥാനപ്പെടുത്തുന്ന സ്മൃതി പാരമ്പര്യങ്ങളിലെ സാമൂഹികഭേദരൂപങ്ങളും ഇതിഹാസപുരാണങ്ങളെ ഉൾക്കൊണ്ടു വളർന്നുവന്ന മീമാംസക ആചാരങ്ങളും സ്മാർത്ത ചിട്ടകളും സമൂഹാധിപത്യം നേടിയെടുക്കാൻ വേണ്ടി ബ്രാഹ്മണർ സാംസ്കാരിക ഉപാധികളായി വികസിപ്പിച്ചു.

ക്ഷേത്രബ്രാഹ്മണ്യവും നമ്പൂതിരി ബ്രാന്മണരുടെ ഗ്രാമവ്യവസ്ഥയും കാരായ്മ മിതാട്ചി ഭൂവുടമസ്ഥ വ്യവസ്ഥയും ബ്രാഹ്മണ ഊരാളരുടെ നിയന്ത്രണത്തിലായ ബ്രഹ്മസ്വം ദേവസ്വം സ്വത്തുരൂപങ്ങളും നാട്ടുടയവരും ചേര പെരുമാക്കന്മാരും ഈ വിഭാഗങ്ങളെല്ലാവരും സൃഷ്ടിച്ച അനുചരവിഭാഗങ്ങളും

ക്ഷേത്ര ഉപജീവികളും ഭരണാധികാരത്തിന്റെ ഇടനിലക്കാരും കൂടി ചേർന്ന ഉപരിവർഗ്ഗ വരേണ്യസമൂഹങ്ങൾ ഭരണവർഗ്ഗമായി നിലനിന്നു. ആളടിയാരുടെ അധ്വാനത്തെയും വിവിധതരത്തിലുള്ള കാർഷികവിഭാഗങ്ങളായ കുടിസമൂഹങ്ങളുടെ ഉത്പാദനപ്രവർത്തനങ്ങളെയും നിയന്ത്രിച്ചും ചൂഷണംചെയ്തുമാണ് ബ്രാഹ്മണഗ്രാമങ്ങളും ക്ഷേത്ര ബ്രാഹ്മണ്യവും അതിന്റെ സാംസ്കാരിക വ്യവസ്ഥയും നാട്ടുടയവരുടെയും ചേര പെരുമാക്കന്മാരുടെയും രാഷ്ട്രീയ കോയ്മാരൂപങ്ങളും ചൂഷണവ്യവസ്ഥയായി വളർന്നുവന്നത്. ബ്രാഹ്മണ്യക്ഷേത്ര സംസ്കാരവും അതിന്റെ പ്രതീകാത്മക സാംസ്കാരിക അനുഷ്ഠാനരൂപങ്ങളും ഇതിനെ സംരക്ഷിച്ചു നിർത്തിയ നാട്ടുടയവരുടെയും ചേര പെരുമാക്കന്മാരുടെയും രാഷ്ട്രീയ കോയ്മയും അടിയാർവിഭാഗങ്ങളെയും കുടിസമൂഹങ്ങളെയും ചൂഷണംചെയ്തു നിലനിന്ന പരാന്നഭോജിവ്യവസ്ഥയായിട്ടാണ് വളർന്നുവന്നതും നിലനിന്നതും. വിവിധ നാടുകളിലെ നാട്ടുടയവരുടെ മേൽ അനുഷ്ഠാനപരമായ ആധിപത്യം ബ്രാഹ്മണരുടെ സഹായത്തോടെ സ്ഥാപിച്ചുറപ്പിച്ചു കൊണ്ടാണ് ചേരപെരുമാക്കൻമാർ കൊടുങ്ങല്ലൂർ കേന്ദ്രമാക്കി കുലശേഖര ഭരണാധികാരികളായി മാറുന്നത്. കുലശേഖരന്മാരായിത്തീർന്ന ചേരപെരുമാക്കന്മാരുടെ രാഷ്ട്രീയ കോയ്മയെ അർത്ഥശാസ്ത്രത്തിനനുസരിച്ചുള്ള ഭരണവ്യവസ്ഥയായി സാധൂകരിക്കുന്നതും അതിനെ അനുഷ്ഠാനാത്മകമായി ബ്രാഹ്മണനിയന്ത്രിതരാഷ്ട്ര വ്യവസ്ഥയാക്കി മാറ്റുന്നതും സ്മാർത്തന്മാരായ നമ്പൂതിരി ബ്രാഹ്മണരാണ്. ബ്രാഹ്മണ ക്ഷേത്രങ്ങളുടെയും ബ്രാഹ്മണ ഊരുകളുടെയും സ്വത്തുവ്യവസ്ഥ കൂട്ടായ സ്വത്തുവ്യവസ്ഥയായി നിയമപിന്തുണയുള്ള കച്ചങ്ങളാക്കി രാഷ്ട്രീ സംരക്ഷണം നല്കുന്നതും പെരുമാളാണ്. ധർമ്മശാസ്ത്ര ലോകബോധത്തിനും സ്മൃതി പാരമ്പര്യത്തിനും അനുസരിച്ച് വ്യത്യസ്ത സാമൂഹികവിഭാഗങ്ങളെ ശുദ്ധി അശുദ്ധി ക്രമത്തിന്റെയും വർണ്ണ ജാതി മൂല്യവ്യവസ്ഥയുടെയും അടിസ്ഥാനത്തിൽ ജാതിസ്ഥാനങ്ങളിലും മേൽ കീഴ്പദവികളിലും വ്യവസ്ഥപ്പെടുത്തി വേർതിരിവ് ഭേദരൂപങ്ങളും മേൽ കീഴ് ബന്ധങ്ങളുമായി ഏറ്റിറക്കക്രമത്തിൽ വർഗ്ഗീകരിക്കുന്നതും സ്ഥാനപ്പെടുത്തുന്നതും സ്മാർത്ത ബ്രാഹ്മണരാണ്. ബ്രാഹ്മണരും ബ്രാഹ്മണ്യത്തെ സംരക്ഷിച്ചു നിർത്തിയ കോയ്മാവിഭാഗങ്ങളും ഇടനില വിഭാഗങ്ങളായ ജാതിശൂദ്രരും മുകൾത്തട്ടിലും കുടിസമൂഹങ്ങളും ആളടിയാരും അടിത്തട്ടിലും വരുന്നതായിരുന്നു ഈ സാമൂഹികഭേദക്രമം. ആളടിയാരായി അടിത്തട്ടിൽ ഉൽപ്പാദകസമൂഹത്തിന്റെ അടിത്തറയായി നിലനിന്ന പ്രാഥമിക ഉൽപ്പാദകസമൂഹമായിരുന്ന ആളടിയാരായ അടിമകൾ ജാതികളെ അടിസ്ഥാനമാക്കുന്ന ഈ ധർമ്മശാസ്ത്ര മേൽ-കീഴ് വിന്യാസക്രമത്തിൽ ജാതി

അടിമകളായി (caste slaves) അടിത്തട്ടിൽ സ്ഥാനപ്പെട്ടു.ആളടിമത്തത്തിൽ നിന്നും ജാതി അടിമത്തത്തിലേക്കുള്ള പ്രാഥമിക ഉൽപ്പാദകവിഭാഗങ്ങളുടെ പരിവർത്തനമാണ് ഈ ജാതിശ്രേണീവൽക്കരണത്തിൽ സംഭവിച്ചത്.

## Reference:


1. Adharam, 2006. Vol.1.
2. Aiyar, K V. Subramanya (ed). 1932.Travancore Archaeological Series.Vol. V11.partII. Thiruvanandapuram: Gover ment Press.
3. Aiyar,KV.Subramanya(ed).1999.TravancoreArchaeological Series.Vol. IV.Thiruvanandapuram:Department of Cultural Publications. Goverment of Kerala.
4. Ayyar,ASRamanatha.1999.TravancoreArchaeologicalSeries.Vol.V.Thiruva nandapuram:Department of Cultural Publications. Goverment of Kerala.
5. Chakravarti, Uma.2015.The Social Dimension of Early Budhism.Delhi: Munshiram ManoharIal.
6. Chanana,Dev Raj.1960. Slavery in Ancient India. New Delhi: People's Publishing House.
7. Deshpande,G P. 2002.Sellected Writings of Jotirao Phule .New Delhi: Left Word Books.
8. Dube, Ishitha Banerjee.2008. Caste in History. Delhi: Oxford University Press.
9. Ganesh, KN. 1997. Keralathinte Innalekal.Thiruvanandapuram:Department of Cultural Publications. Goverment of Kerala
10. Ganesh, K N.2010.State Formation in Kerala: A Critical Overview. New Delhi:Indian Council of Histrical Research.
11. Ganesh,KN.2016(a).Malayaliyude Deshakalangal Calicut :raspberrybooks.
12. Ganesh,KN.2016(b). Reflections on Premodern Kerala.Thrissur: ComoBooks.
13. Geetha, V and Rajadurai, S V. 2011. Towards a Non- Brahmin Millennium From Iyothee Thass to Periyar. Kolkata: Samya.
14. Gurukkal,Rajan and Varier, Ragava.1999. Cultural History of Kerala Vol: 1. Thiruvanandapuram :Department of Cultural Publications. Goverment of Kerala.

15. Habib,Irfan.1995.Essays in Indian History: Towards A Marxist Perception .Delhi: Tulika Publishers.

16. Jaiswal,Suvira.2019.Caste:Origin, Function and Dimensions of Change. Delhi: Mahohar.

17. Jha,Vivekananda.2018.Candala:Untouchability and Caste in Early India. Delhi: Primus Books.

18. Kaviraj,Sudipta.2012. The Imaginary Institution of India. New Delhi: .Permanet Black.

19. Kunjan Pilla, P N. Elamkulam.2005. Ilamkulam Kunjan Pillayude Theranjedutha Krithikal Part I .Dr.N Sam (editor). Thiruvanandapuran: International Center for Kerala Studies.University of Kerala.

20. Madhavan, K S.2012. Primary Producing Groups in Early and Early Medieval Kerala: Production Process and Historical Roots of Transition to Castes (300-1300CE). Un Published PhD Thesis submitted to the University of Calicut.

21. Madhavan, K S. 2014. 'Boadage and Servitude in Eary Medieval Kerala: An Overview', Jounal of History and Society. Vol.3 No.1:7-13.

22. Madhavan, K S. 2019. 'Social Stratification and Heirarchy in Early Medievel Kerala' in T Muhammedali(ed), Histories Unbounded: Selected Papers of Third Kerala History Congress.Kottayam:Kerala History Congress/Current Books.

23. Madhavan,KS.2021. 'Keralam: Charithram,Samuhikatha, Adhikaram' in 24.Ravichandran ,K P. (ed). Adhikara Bhoopadangal: Mattivarayum Vayanayum .Kohinoor: Mudra Books.

24. Mohan,P .Sanal.2015.Modernity of Slavery: Struggle Aagainst Caste Inequality in Colonial Kerala .New Delhi: Oxford University Press.

25. Narayanan, MGS.1996. Perumals of Kerala:Political and Social Conditions of Kerala Under the Cera Perumals of Makotai ( c.800 A. D .- 1124 A. D.) Calicut :Xavier Press.

26. Rao,T A Gopinatha(ed).1988.Travancore Archaeological Series. Vol.I.Thiruvanandapuram :Department of Cultural Publications. Goverment of Kerala

27. Rao,TAGopinatha.(ed).1992.TravancoreArchaeologicalSeries.Vol.III. Thiruvanandapuram:Department of Cultural Publications. Goverment of Kerala.

28. Rodrigues,Valerian.2019.The Essential Writings of B R Ambedkar. New Delhi: Oxford University Press.

29. Roy,Kumkum.2014.'Kosambi and the Question of Caste' in Meera Kosambi (ed). Unsettling the Past. Ranikhet: Permanent Black.

30. Saradamoni, K. 1980. Emergence of a Slave Caste: Palayas of Kerala .New Delhi. People's Publishing House.

31. Sen ,Aloka Paraser.2004. Sabordinated and Marginal Groups in Early India. Delhi: Oxford University Press.

32. Thapar, Romila.2000. From Lineage to State: Social Formations in the Mid First Millennium B.C.in the Ganga Valley New Delhi: Oxford University Press.

33. Thapar, Romila.2002. Early India: Fron the Origins to AD 1300. Delhi: Penguin Books.

34. Varier, M R .Ragava and Veluthat Kesavan. 2015.Tharisapally Pattayam .Kottayam: Sahithya Pravarthaka Co-operative Society Ltd.

35. Varier ,Raghava and Gurukkal, Rajan .2004. Kerala Charithram.Sukapuran: Vallathol Vidhya Peedom.

36. Veeramani ,K. 2018. Collected Works of Periyar EVR. Chennai: The Periyar Self -Respect Propaganda Institution.

*ksmadhavanma@gmail.com*